## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5863** **28.10.2011-ൽ മറുപടിയ്ക്ക്**

### വിവരാവകാശ നിയമം

**ചോദ്യം**
ശ്രീ. എൻ. ഷംസുദ്ദീൻ

**ഉത്തരം**
ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവരാവകാശ നിയമം നിലവിൽ വന്ന ശേഷം എത്ര സർക്കാർ ഉദ്യോഗസ്ഥർ യഥാസമയം മറുപടി നൽകാതെ ശിക്ഷയ്ക്ക് വിധേയരായിട്ടുണ്ട് ; | (എ) | വിവരാവകാശ നിയമം സെക്ഷൻ 20 (1) പ്രകാരം 210 കേസുകളിൽ 241 ഉദ്യോഗസ്ഥർ ക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉണ്ട് ; പ്രസ്തുത നിയമം സാധാരണക്കാരിൽ കൂടുതൽ പരിചയപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരി ക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ? | (ബി) | ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.<br><br>കേരള സാക്ഷരതാ മിഷൻ വഴി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പഞ്ചായത്ത് തലത്തിൽ വിവരാവകാശ നിയമത്തെ സംബ ന്ധിച്ച് ബോധവൽക്കരണ പരിപാടികൾ, ജില്ലാ പഞ്ചായ ത്തുകൾ വഴി RTI week celebration എന്ന പേരിൽ ജില്ലാ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചാ യത്ത്, ഗ്രാമ പഞ്ചായത്ത് തലത്തിൽ നിന്നുള്ള തെരഞ്ഞെ ടുക്കപ്പെട്ട പ്രതിനിധികൾക്കായി നിയമത്തെക്കുറിച്ചുള്ള ബോധ വൽക്കരണ സെമിനാറുകൾ എന്നിവ കേന്ദ്ര സർക്കാരിൻെറ ധനസഹായത്തോടുകൂടി സംസ്ഥാന വിവരാവകാശ കമ്മീ ഷൻ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |